LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, വിവാഹ ധനസഹായ പദ്ധതി, വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ, ഗോത്രസാരഥി, അശരണ ബാല്യങ്ങൾക്ക് താങ്ങായി കൈത്താങ്ങ് പദ്ധതി, സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള പ്രതിമാസ ധനസഹായം, ഗർഭിണികൾക്കും അമ്മമാർക്കുമുള്ള ജനനി ജന്മസുരക്ഷാ പദ്ധതി, ഭ്രൂഹിത പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അട്ടപ്പാടിയിൽ നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒറ്റപ്പാലം സബ് കളക്ടർ നോഡൽ ഓഫീസറായ സമിതി എല്ലാ മാസവും അവലോകന യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

## അട്ടപ്പാടി മേഖലയിലെ ശിശുമരണം

202(2251) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ശിശുമരണം പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര ശിശുമരണങ്ങൾ നടന്നു; വിശദവിവരം നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ചിരുന്ന മുഴുവൻ ആനുകൂല്യങ്ങളും പദ്ധതികളും നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇവയിൽ നടപ്പാക്കാത്ത പദ്ധതികളുണ്ടോ ; എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ ശിശുമരണങ്ങൾ തടയുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗക്കാർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അടിയന്തര ഘട്ടങ്ങളിൽ ചികിത്സയ്ക്ക് എത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഗുരുതര വിളർച്ച രോഗമുള്ള കുട്ടികളെ (SAM/MAM) പരിചരിക്കുന്നതിന് കിടത്തി ചികിത്സാ സൗകര്യമുള്ള 3 ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുന്ന ശലഭ പദ്ധതി, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. അംഗനവാടി വർക്കേഴ്സ്, ആശാ വർക്കേഴ്സ്, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഊരുകൾ സന്ദർശിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിർദ്ദേശം നൽകുകയും ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുവരുന്നു. അട്ടപ്പാടിയിലെ ശിശുമരണം സർക്കാരിന്റെ കർമ്മപരിപാടികളിലൂടെയും സാർത്ഥകമായ ഇടപെടലുകളുടെയും ഫലമായി വളരെയധികം കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ബി) 77 എണ്ണം

| | | |
|---|---|---|
| 2012 | - | 16 |
| 2013 | - | 31 |
| 2014 | - | 15 |
| 2015 | - | 14 |
| 2016 | - | 11 |
| ആകെ | | 77 |

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിവരുന്നു.

(ഡി) നടപ്പിലാക്കാത്ത പദ്ധതികളില്ല.

LIBRARY ARCHIVES Kerala Legislative Assembly